"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് -ആയുർവേദ പാരാമെഡിക്കൽ കോഴ്സുകളുടെ പരീക്ഷാ നടത്തിപ്പിന് പരീക്ഷാ ചെയർമാനെ നിയമിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.302/2025/AYUSH തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 570/2019/ആയുഷ് തീയതി 02.11.2019
2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 15.05.2025 ലെ 10/പി/2025/ഡിഎഎംഇ നമ്പർ കത്ത്

**ഉത്തരവ്**

2019-20 അദ്ധ്യയന വർഷത്തിലെ ആയുർവേദ പാരാമെഡിക്കൽ കോഴ്സുകളുടെ പരീക്ഷ നടത്തിപ്പിന് മേൽനോട്ടവും ചുമതലയും വഹിക്കുന്നതിന് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആർ. & ബി. വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസറായിരുന്ന ഡോ. റ്റി.വി. ശ്രീനിയെ നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2.എന്നാൽ ഡോ.റ്റി.വി. ശ്രീനി തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിലേക്ക് സ്ഥലംമാറ്റം ലഭിച്ച പോയതിനാൽ, ടി കോഴ്സുകളുടെ സപ്ലിമെന്ററി പരീക്ഷയുടെ മേൽനോട്ടവും ചുമതലയും വഹിക്കുന്നതിനു തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആർ. & ബി. വിഭാഗം പ്രൊഫസർ ഡോ. താരാലക്ഷ്മി എസ്.-ന് അനുമതി നൽകണമെന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയുർവേദ പാരാമെഡിക്കൽ കോഴ്സുകളുടെ സപ്ലിമെന്ററി പരീക്ഷയുടെ മേൽനോട്ടവും ചുമതലയും വഹിക്കുന്നതിനു തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആർ. & ബി. വിഭാഗം പ്രൊഫസർ ഡോ. താരാലക്ഷ്മി എസ്.-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ഡെപ്യൂട്ടി സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
ഡോ.താരാലക്ഷ്മി . എസ് , പ്രൊഫസർ , ആർ & ബി വിഭാഗം , ഗവ. ആയുർവേദ കോളേജ് ,

തിരുവനന്തപുരം (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Baiju G

Date: 03-06-2025 16:55:21

സെക്ഷൻ ഓഫീസർ